എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ: ജാഫർ മാലിക്ക് ഐ എ എസ്)

C2-2381/19/DCEKM

തീയതി : 25/08/2021

<u>വിഷയം</u>:
അറ്റ് ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് - ഫേസ് II - എറണാകുളം , എളംകുളം വില്ലേജുകളിൽ നിന്നായി 0.5049 ഹെക്ടർ സ്ഥലം 2013 ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലമേറ്റെടുക്കുന്നത് - 2013 ലെ എൽ.എ.ആർ.ആർ. നിയമം പ്രകാരം നടപടികളുമായി മുന്നോട്ട് പോകുന്നതിനു അനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

<u>പരാമർശം</u>:
(1) ആർ.ബി.ഡി.സി.കെ. മാനേജിങ് ഡയറക്ടറുടെ 15/02/19 തീയതിയിലെ RBDCK/LA/149/2019/358 നമ്പർ കത്തും അർത്ഥനയും മറ്റ് അനുബന്ധ രേഖകളും
(2) 17/02/2021 തീയതിയിലെ 786 നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഫാറം നമ്പർ 4 വിജ്ഞാപനം
(3) SIA യൂണിറ്റായ കേരള വോളണ്ടറി ഹെൽത്ത് സെർവീസസ് 19/07/2021 തീയതി ഈ കാര്യാലയത്തിൽ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ട്
(4) വിദഗ്ധ സമിതി ചെയർപേഴ്സൺ എറണാകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) സമർപ്പിച്ച അവലോകന റിപ്പോർട്ട്, തീയതി : 13/08/2021

കണയന്നൂർ താലൂക്കിലെ എറണാകുളം , എളംകുളം വില്ലേജുകളിലായി അറ്റ് ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് (ഫേസ് II) നിർമ്മാണത്തിനായി 0.5049 ഹെക്ടർ സ്ഥലം 2013 ലെ എൽ .എ.ആർ.ആർ. നിയമ പ്രകാരം ഏറ്റെടുക്കുന്നതിനായി പരാമർശം (1) പ്രകാരം ആർ.ബി.ഡി.സി.കെ. മാനേജിങ് ഡയറക്ടർ ഫോറം നമ്പർ 2 ൽ അർത്ഥനയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പരാമർശം (2) പ്രകാരം കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, കോട്ടയം എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. വകുപ്പ് 6 പ്രകാരം തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ അന്തിമ റിപ്പോർട്ട് 19/07/2021 തീയതി ഈ കാര്യാലയത്തിൽ ലഭിച്ചതിൻെറ അടിസ്ഥാനത്തിൽ സമുചിത സർക്കാരിന്റെ വെബ് സൈറ്റിൽ ടി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

ടി പഠന റിപ്പോർട്ട് പരിശോധിക്കുന്നതിലേക്കായി പരാമർശം (3) പ്രകാരം ഒരു വിദഗ്ധ സമിതി സമുചിത സർക്കാർ രൂപീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ അടി സ്ഥാനത്തിൽ വിദഗ്ധസമിതി SIA പഠന റിപ്പോർട്ട് പരിശോധിച്ച് പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയിൽ ആവശ്യമായ ഭൂമിയുടെ ഭൂരിഭാഗവും ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളതിനാലും നിലവിലുള്ള അലൈൻമെന്റ് പ്രകാരം വളരെ കുറച്ച പേരെ മാത്രമേ

പുനരധിവസിപ്പിക്കേണ്ടി വരും എന്നതിനാലും ഈ പദ്ധതി പ്രാദേശികമായി മാത്രമല്ല കൊച്ചി നഗരത്തിന് ഒന്നാകെയുള്ള വികസനത്തിന് കാരണമാകുമെന്നും കണ്ടെത്തി ഈ പ്രോജക്ടുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് അംഗീകാരം നൽകാവുന്നതായി വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

2013 ലെ എൽ.എ.ആർ.ആർ. നിയമം വകുപ്പ് 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സമുചിത സർക്കാർ പരിശോധിക്കേണ്ടതുണ്ട്. വിദഗ്ധ സമിതിയുടെ ശുപാർശ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കണയന്നൂർ താലൂക്കിലെ എറണാകുളം, എളംകുളം വില്ലേജുകളിലായി അറ്റ് ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് (ഫേസ് II) നിർമ്മാണത്തിനായി 0.5049 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 2013 ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഇതിനാൽ സമുചിത സർക്കാർ ഉത്തരവാകുന്നു.

Signature valid
Digitally signed by Jafar Malik
Date: 2021.08.[illegible] :33:01 IST
Reason: Approved

ജില്ലാ കളക്ടർ

പകർപ്പ് :

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), കിഫ്ബി , എറണാകുളം

മാനേജിങ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ.